3. നിലവിലുള്ള ത്രീ ഫേസ് വൈദ്യുത ലൈനിൽ സ്റ്റേ ഉപയോഗിക്കാതെ ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് 4,100 രൂപ ചെലവാകും.

4. നിലവിലുള്ള ത്രീ ഫേസ് വൈദ്യുത ലൈനിൽ സ്റ്റേ ഉപയോഗിച്ച് ഒരു പോസ്റ്റ് സ്ഥാപിക്കുന്നതിന് 4,800 രൂപ ചെലവാകും.

(സി) സംസ്ഥാനത്ത് വൈദ്യുത ബോർഡിന്റെ അധീനതയിൽ മങ്ങാട്ടുപറമ്പ് (കണ്ണൂർ ജില്ല), ചുലിശ്ശേരി (തൃശ്ശൂർ ജില്ല), മാനന്തവാടി (വയനാട് ജില്ല) എന്നിവയാണ് ഇപ്പോൾ നിലവിലുള്ള പോൾ കാസ്റ്റിംഗ് യൂണിറ്റുകൾ. കൂടാതെ എടയാറിൽ (എറണാകുളം ജില്ല) പോൾ കാസ്റ്റിംഗ് യാർഡ് നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സഹകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിലുള്ള പോൾകാസ്റ്റിംഗ് യൂണിറ്റുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പോസ്റ്റിന്റെ ക്ഷാമം ഒരു പരിധി വരെ തടസ്സമായിട്ടുണ്ട്. 2005-ൽ കൊടുത്ത കരാർ പ്രകാരം പോസ്റ്റുകൾ സമയബന്ധിതമായി സപ്ലൈ ചെയ്യുന്നതിൽ കരാറുകാർ വരുത്തിയ വീഴ്ചയാണ് ഇതിനു കാരണം. ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ വിവിധ ഇലക്ട്രിക്കൽ സർക്കിളുകളിലെ പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ നിലവിൽ ലഭ്യമാക്കുന്നത് ദർഘാസ് ക്ഷണിച്ച്, അവയുടെ മൂല്യനിർണ്ണയം നടത്തി, ഏറ്റവും കുറഞ്ഞ തുക കാട്ട് ചെയ്തു കമ്പനികൾ/വ്യക്തികൾക്ക് കരാറു നല്കി അവരിൽ നിന്നാണ്. സഹകരണ സ്ഥാപനങ്ങൾക്കും പഞ്ചായത്തുകൾക്കും പ്രസ്തുത ദർഘാസിൽ പങ്കെടുക്കാവുന്നതാണ്. നിലവിൽ പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സഹകരണ സ്ഥാപനം ഇത്തരത്തിൽ പോസ്റ്റുകൾ നല്കി വരുന്നുണ്ട്.

വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ആരംഭിച്ച പദ്ധതികൾ

206 (1170) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് എന്തെല്ലാം പദ്ധതികൾ ആരംഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിപ്രകാരം കണക്ഷൻ നൽകുന്നതിനായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ ;

(സി) എത്രപേർക്ക് പുതിയതായി കണക്ഷൻ നൽകി എന്ന് അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ താഴെ പറയുന്ന പദ്ധതികൾ പൂർത്തീകരിച്ചു:

1. വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം 344 ലക്ഷം രൂപയുടെ 196 ജോലികൾ പൂർത്തീകരിച്ചു. ഇതിനുവേണ്ടി 43.81 കി.മീ. 11 കെ. വി. ലൈൻ, 58.083 കി.മീ. എൽ.റ്റി. ലൈൻ എന്നിവ പുതുതായി നിർമ്മിക്കുകയും 67 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.

2. എം.എൽ.എ. ഫണ്ടിൽ 50 ലക്ഷം രൂപയുടെ 32 ജോലികൾ പൂർത്തീകരിച്ചു. ഇതിൽ അത്താണി മേൽപ്പാലം നിർമ്മിക്കുന്നതിന് വേണ്ടി വൈദ്യുതി ലൈൻ മാറ്റിയ ജോലിയും ഉൾപ്പെടും.

3. കേരള വികസന പദ്ധതി പ്രകാരം 38 ലക്ഷം രൂപയുടെ 95 പദ്ധതികൾ പ്രവർത്തനക്ഷമമായി.

4. കോർപ്പസ് ഫണ്ടിൽ 255 ലക്ഷം രൂപയുടെ ഒരു ജോലി പൂർത്തീകരിച്ചു.

5. നിയോജകമണ്ഡലത്തിൽ 1659 കണക്ഷനുകൾ നൽകുകയുണ്ടായി. ഇതിൽ 1439 ബി.പി.എൽ., 526 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടും.

6. വടക്കാഞ്ചേരി ഡിവിഷൻ ഓഫീസും കുണ്ടന്നൂർ സബ്ഡിവിഷൻ ഓഫീസും പുന്നംപറമ്പ് സെക്ഷൻ ഓഫീസും പുതുതായി പ്രവർത്തനം ആരംഭിച്ചു.

7. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ബചത്‌ലാംപ് യോജന സ്കീമിൽ 65194 സി.എഫ്.എൽ.-കളും 'ട്രെസം' സ്കീമിൽ 7300 സി.എഫ്.എൽ.-കളും വിതരണം ചെയ്തു.

8. പുമല 33 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചു.

9. ഊർജ്ജ സംരക്ഷണവും സുരക്ഷയും ആസ്പദമാക്കി വിവിധ സെമിനാറുകളും എക്സിബിഷനുകളും നടത്തി.

10. എല്ലാ സെക്ഷൻ ഓഫീസുകളും മോഡൽ സെക്ഷൻ ആക്കുകയും ക്യാഷ് കൗണ്ടറിന്റെ പ്രവർത്തനം രാവിലെ 8 മണി മുതൽ ആറുമണി വരെ ആക്കുകയും ചെയ്തു.

11. റവന്യൂ അദാലത്ത്, വോൾട്ടേജ് അദാലത്ത് തുടങ്ങിയ ജനകീയ പരിപാടികൾ സംഘടിപ്പിച്ച് പരാതിരഹിത ഓഫീസുകളാക്കി സെക്ഷൻ ഓഫീസുകളെ മാറ്റി.

12. വടക്കാഞ്ചേരി സെക്ഷൻ ഓഫീസ്, സർവ്വീസ് കണക്ഷന്റെ കാര്യത്തിൽ സിക്സ് സിഗ്മ ലെവലിലേക്ക് ഉയർത്തി.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം കണക്ഷൻ നൽകുന്നതിനായി മണ്ഡലത്തിൽ 130.45 ലക്ഷം രൂപ ചെലവഴിച്ചു.

(സി) നിയോജകമണ്ഡലത്തിൽ ആകെ11559 പുതിയ കണക്ഷൻ നൽകി. ഇതിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2602 പേർക്ക് കണക്ഷൻ നൽകി.

ആലപ്പുഴ ജില്ലയിൽ വർക്കർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള കാലതാമസം

207 (1171) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. വർക്കർമാരുടെ ആലപ്പുഴ ജില്ലയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ മെയിൻ ലിസ്റ്റിൽ നിന്നും സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇനി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; മറ്റു ജില്ലകളിൽ രണ്ടാമതും നിയമനം നടത്തിയിട്ടും ആലപ്പുഴ ജില്ലയിൽ നിയമനം നടത്തുകയോ ഒഴിവുകൾ നികത്തുകയോ ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജില്ലയിൽ ലൈൻമാൻമാരുടെ ഒഴിവുകളിൽ നിലവിലുള്ള വർക്കർമാർക്ക് പ്രൊമോഷൻ നൽകിയാൽ മാത്രമേ മേൽപ്പറഞ്ഞ ഒഴിവുകളിൽ പുതുതായി വർക്കർമാരെ നിയമിക്കാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.ഇ.ബി.യിൽ വർക്കർമാർ ചെയ്യുന്ന ജോലികൾ ബോർഡ് കോൺട്രാക്ട് കൊടുത്തും, കോൺട്രാക്ട് എടുത്തവർ കരാർതൊഴിലാളികളെ കൊണ്ടും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്.ഇ.ബി.-യിൽ വർക്കർമാർ ചെയ്യുന്ന ജോലികൾ ബോർഡ് കോൺട്രാക്ട് കൊടുത്തും കോൺട്രാക്ട് എടുത്തവർ കരാർ തൊഴിലാളികളെ കൊണ്ടും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യിലെ വർക്കർ തസ്തികയുടെ ആലപ്പുഴ ജില്ല പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 527 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. മെയിൻ ലിസ്റ്റിലെയും സപ്ലിമെന്ററി ലിസ്റ്റിലെയും എണ്ണം വേർതിരിച്ച് നൽകുന്നത് പി.എസ്.സി. ഓഫീസിൽ നിന്നുമാണ്. ഒഴിവുണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രൊമോഷൻ മുഖേനയുണ്ടായ 213 ഒഴിവുകൾ (ഇരുനൂറ്റി പതിമൂന്ന് ഒഴിവുകൾ) 10/2010-ൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും 11/2010-ൽ 213 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly